# പാഠം 22

ഡ്യൂട്ടിക്ക് അറബിയിൽ **ദവാം** എന്നു പറയുന്നു. ഈ അക്ഷരങ്ങളിൽ ഒന്നും കൂട്ടി എഴുതുകയില്ല.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ഡ്യൂട്ടി | ദവാം | دَ وَا مْ | دَوَامْ |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതുക.

വട്ടം, സർക്കിൾ എന്നീ അർഥങ്ങൾക്ക് **ദാഇറത്ത്** എന്നാണ് അറബിയിൽ പറയുന്നത്. ഈ വാക്ക് ഹൃദിസ്തമാക്കിയെങ്കിൽ മാത്രമേ ഓർമയിൽ നിൽക്കുകയുള്ളു. കൂട്ടിയെഴുതുന്ന രീതി പ്രത്യേകം ശ്രദ്ധിക്കുക.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| സർക്കിൾ | ദാഇറത്ത് | دَا ئِ رَ ة | دَائِرَة |


കുറ്റകൃത്യങ്ങൾക്ക് **ദുനൂബ്** എന്നാണ് അറബിവാക്ക്. ഈ ബഹുവചനമാകുന്നു. ദൻബ് എന്നാണ് ഏകവചനം. മുകളിൽ പുള്ളിയുള്ള ദ ഉച്ചരിക്കുന്ന രീതി നേരത്തെ പഠിച്ചിട്ടുണ്ട്.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| കുറ്റങ്ങൾ | ദുനൂബ് | ذُ نُ و بْ | ذُنُـوبْ |


വ എന്ന അക്ഷരത്തിനു ശേഷം വരുന്ന അക്ഷരങ്ങളൊന്നും വ യോട് ചേരുകയില്ല.

പ്രകമ്പനത്തിന് സാധാരണ **റജ്ഫത്ത്** എന്നാണ് അറബിയിൽ പറയുന്നത്. ആ വാക്കിനെ പരിചയപ്പെടുക.




| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| പ്രകമ്പനം | റജ്ഫത്ത് | رَ جْ فَ ة | رَجْـفَـة |

**റുജൂഅ്** എന്ന വാക്കിനെ പരിചയപ്പെടുക. മടക്കം എന്നാണ് അതിനർഥം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| മടക്കം | റുജൂഅ് | رُ جُ و عْ | رُجُـوعْ |

കസ്റ്റമർ എന്ന ഇംഗ്ലീഷ് വാക്കിനു പകരം **സബൂൻ** എന്നാണ് അറബിയിൽ പറയുക. Z ഉച്ചരിക്കുന്നതുപോലെയാണ് സബൂനിന്റെ സ ഉച്ചരിക്കേണ്ടത്.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| കസ്റ്റമർ | സബൂൻ | زَ بُ و نْ | زَبُـونْ |

## പരിശീലനം:

1. താഴെ പറയുന്ന വാക്കുകളിൽനിന്ന് സബാനിയത്, സബൂർ, എന്നീ പദങ്ങൾ ഉണ്ടാക്കുക.

ز س ر ب ي ا ن ت ة و